Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

5183-D-2016-KSHO 15/11/2018

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോർഡിനേറ്റർമാർക്കും

സർ/മാഡം,

വിഷയം: കുടുംബശ്രീ - ഭവന നിർമ്മാണ യൂണിറ്റുകൾ രൂപീകരണം - പുതുക്കിയ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന : 30.07.2018 - ലെ ഇതേ നമ്പർ സർക്കുലർ

സൂചന പ്രകാരം ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന ഗൃഹ നിർമ്മാണ യൂണിറ്റുകളുടെ ആദ്യഘട്ട പരിശീലനം അംഗീകൃത ഏജൻസികൾ മുഖാന്തിരം പൂർത്തീകരിക്കുവാൻ ഏജൻസികളുടെ സേവനം കൃത്യസമയത്ത്/ആവശ്യാനുസരണം ലഭ്യമാകാത്ത സാഹചര്യത്തിൽ നിർമ്മാണ മേഖലയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തന പരിചയമുള്ള മേസണും, മേസണെ സഹായിക്കുന്നതിനായി കയ്യാളും കൂടാതെ തിയറി വിഷയങ്ങൾ പഠിപ്പിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുമായി നിർമ്മാണ പ്രവർത്തന പരിചയമുള്ള ഒരു എഞ്ചിനീയറെക്കൂടി ഉൾപ്പെടുത്തി പരിശീലനം നടത്തുവാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ സൂചന പ്രകാരം ഇങ്ങനെ നടത്തുന്ന പരിശീലനത്തിന് പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാ ബത്ത നൽകുന്നതിനെപ്പറ്റി പരാമർശിച്ചിട്ടില്ല.

ആയതിനാൽ മേസൺ മുഖാന്തിരം നൽകുന്ന പരിശീലനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഏജൻസി വഴി നടത്തുന്ന പരിശീലനത്തിന്റെ അതേ നിരക്കിൽ (40 ദിവസത്തെ പരിശീലനത്തിന്) ദിവസക്കൂലി ഇനത്തിൽ ഉൾപ്പെടുത്തി ഓരോ അംഗത്തിനും 200 രൂപ വീതവും കൂടാതെ യഥാർത്ഥ യാത്രാബത്തയും നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (എം.ഇ)**

TRIDA Building, Medical College P.O, Thiruvananthapuram 695011
T. 0471 255 4714, 255 4715(0) F. 0471 255 4717
info@kudumbashree.org www.kudumbashree.org